# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1879</u> — <u>22.01.2014 ൽ മറുപടിയ്ക്ക്</u>

## <u>കോട്ടയം ജില്ലയിലെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി</u>

| ചോദ്യം<br>ശ്രീ. കെ.അജിത് | മറുപടി<br>ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) കോട്ടയം ജില്ലയിലെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ആകെ എത്ര പരാതികൾ ലഭിച്ചു; ഇതിൽ വൈക്കം നിയോജകമണ്ഡലത്തിലുൾപ്പെട്ട 9 പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റിയിലുമായി എത്ര പരാതികളാണ് ലഭിച്ചതെന്നും ഇതിൽ എത്ര പരാതികൾ പൂർണ്ണമായി പരിഹരിക്കപ്പെട്ടുവെന്നും വ്യക്തമാക്കുമോ; | എ) 12,312 അപേക്ഷകൾ ലഭിച്ചു. നിയോജക മണ്ഡല അടിസ്ഥാനത്തിൽ കണക്കെടുപ്പ് നടത്തിയിട്ടില്ല. |
| ബി) വൈക്കം നിയോജകമണ്ഡലത്തിൽ ലഭിച്ച അപേക്ഷകളിൽ എത്ര രൂപയുടെ ധനസഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; | ബി) നിയോജക മണ്ഡല അടിസ്ഥാനത്തിൽ കണക്ക് എടുത്തിട്ടില്ല. |
| സി) കോട്ടയം ജില്ലയിൽ നടത്തിയ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിക്ക് എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ; | സി) ലഭ്യമായ കണക്ക് പ്രകാരം 52,61,848 രൂപ (അൻപത്തിരണ്ട് ലക്ഷത്തി അറുപത്തിയൊന്നായിരത്തി എണ്ണൂറ്റി നാൽപ്പത്തിയെട്ട് രൂപ) ചെലവായിട്ടുണ്ട്. |
| ഡി) ജനസമ്പർക്ക പരിപാടികൾ തുടർന്നു നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | ഡി) ആവശ്യമെന്നുകണ്ടാൽ തുടർന്നും നടത്തും |

Kunla Kunh

സെക്ഷൻ ഓഫീസർ